MR. V. K. VARGHESE (*Pathanamthitta III—General*) : പാർവ ത്യകാരന്മാരിൽ എത്രശതമാനം മദ്യാദക്കാരുണ്ടെന്നു പറയാമോ?

HON'BLE MR. V. O. MARKOS : അതു പറയാൻ അശേഷം നിവൃത്തി യില്ല.

MR. ABDUL AZIZ : അന്വേഷണം നടത്തുന്ന രീതി എന്താണെന്നു പറയുമോ?

HON'BLE MR. V. O. MARKOS : ഡിപ്പാർട്ടുമെൻറലായിട്ട അന്വേഷ ണം നടത്തുകയാണ് ചെയ്യുന്നത്.

MR. ABDUL AZIZ : ഡിപ്പാർട്ടുമെൻറൽ അന്വേഷണങ്ങളിൽ നൂറിനു് അഞ്ചു ശതമാനമെങ്കിലും കുറവുകൾ ശരിയാണെന്നു തെളിഞ്ഞിട്ടുണ്ടോ?

HON'BLE MR. V. O. MARKOS : ശതമാനം പറയാൻ നിവൃത്തിയില്ല. എങ്കിലും ചില പരാതികൾ ശരിയാണെന്നു തെളിഞ്ഞിട്ടുണ്ട്.

MR. A. P. UDAYABHANU (*Karunagappally II—General*) : മന്ത്രി പറഞ്ഞ മറുപടിയിൽനിന്നും കുറെ പാർവത്യകാരുടേതല്ല, സ്ഥലത്തെ നേറ്റാണെന്നല്ലേ വരുന്നത്?

HON'BLE MR. V. O. MARKOS : അതു മനസ്സിലാക്കുന്നവരെ ആശ്രയിച്ചിരിക്കും.

ലിഫ്റ്റ് ഇറിഗേഷൻ.

*162 MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവല്ലാതാലൂക്കിൽ മലക്കര മുണ്ടകൻറെയും പുഞ്ച നിലങ്ങളുടേയും ആവശ്യത്തിനായി ലിഫ്റ്റ് ഇറിഗേഷൻസ്കീം ഏർപ്പെ ടുത്തണമെന്ന അവിടത്തെ പൊതുജനങ്ങൾ ആവശ്യപ്പെട്ടു തുടങ്ങി യിട്ട് എത്ര കൊല്ലങ്ങൾ ആയി?

(ബി) അതിനുള്ള കാലതാമസം എന്ത്?

(സി) ഈ പദ്ധതിമൂലം ആ പ്രദേശത്തുള്ള അനേകായിരം പറ നിലങ്ങളിലെ നെൽകൃഷി രണ്ടര മടങ്ങ് വർദ്ധിപ്പിക്കാമെന്നു ഗവ ണ്മെൻറിനറിയാമോ?

(ഡി) ഇതേ സംബന്ധിച്ച് ഇതുവരെ ഗവണ്മെൻറ് എന്തെ ല്ലാം നടപടികൾ നടത്തിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. V. O. MARKOS : (എ) ന കൊല്ലം.

(ബി, സി, ഡി) ആ സ്കീം ഇൻവെസ്റ്റിഗേറ്റുചെയ്തു കഴിഞ്ഞിട്ടുണ്ട്. എസ്റ്റിമേറ്റു പരിശോധനയിലിരിക്കുകയാണ്.

MR. K. A. MATHEW : ദീർഘകാലം അന്വേഷണം നടത്തുന്നതു കൊണ്ടുമാത്രം കൃഷി വർദ്ധനവുണ്ടാകുമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ ?

HON'BLE MR. V. O. MARKOS : അങ്ങനെ വിചാരമില്ല. അന്വേഷണത്തിന്റെ ഫലമായി പ്രവർത്തനം നടത്തികഴിയുമ്പോൾ കൃഷി വർദ്ധിക്കും.

MR. K. A. MATHEW : അതിന് യാതൊരു പ്രവർത്തനവും നടന്നിട്ടില്ലെന്നറിയാമോ.

HON'BLE MR. V. O. MARKOS : പ്രത്യേക ചില സാഹചര്യങ്ങളിൽ ജോലി നടത്താൻ കഴിഞ്ഞിട്ടില്ല. അതു ബഹുമാനപ്പെട്ട മെമ്പറന്മാർക്കുതന്നെ അറിയാവുന്നതാണ്.

MR. K. A. MATHEW : ആ സാഹചര്യങ്ങൾ എന്താണെന്നു പറയാൻ മടിയുണ്ടാകുമോ?

HON'BLE MR. V. O. MARKOS : വേണ്ടിടത്തോളം സാധനങ്ങളും കറൻറും ലഭിക്കാത്തതാണ് അതിനു കാരണം. ക്രമാതെ സ്ഥലത്തിന്റെ പ്രകൃതി അനുസരിച്ചു ലവൽ സർവെചെയ്തു എവിടെയാണ് ലിഫ്റ്റ് ഇറിഗേഷൻ വർക്ക് തുടങ്ങേണ്ടതെന്നൊക്കെ നോക്കേണ്ടിവരും.

MR. K. A. MATHEW : സാമാനങ്ങൾ കിട്ടുന്നതിന് എന്തു നടപടിയാണു സ്വീകരിച്ചിട്ടുള്ളത്.

HON'BLE MR. V. O. MARKOS : വളരെ മുമ്പുതന്നെ ആവശ്യമുള്ള സാമാനങ്ങൾക്ക് അവ നിർമ്മിക്കുന്ന വിദേശ കമ്പനികൾക്ക് ഓർഡർ കൊടുക്കുകയാണ് ചെയ്യുന്നത്.

ഡിസ്പെൻസറിയോടനുബന്ധിച്ച് പ്രസവമുറി.

*163 MR. MANKUZHI M. MADHAVAN : താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

വക്കല ഡിസ്പെൻസറിയോടനുബന്ധിച്ച് ഒരു പ്രസവമുറി പണിയിക്കുവാൻ രണ്ടുകൊല്ലമായി ബഡ്ജറ്റിൽ വ്യവസ്ഥചെയ്തിട്ടും നാളിതുവരെ അതിന്റെ പണി ആരംഭിക്കാഞ്ഞതിന്റെ കാരണം എന്ത് ?

HON'BLE MR. E. K. MADHAVAN : വക്കല ഡിസ്പെൻസറിയോടനുബന്ധിച്ച് ഒരു പ്രസവമുറി പണിയിക്കുവാൻ 2 കൊല്ലമായി ബഡ്ജറ്റിൽ പ്രൊവിഷൻ ഉണ്ടെന്നു പറയുന്നതു ശരിയല്ല. എന്നാൽ അതി

LIBRARY ARCHIVES Kerala Legislative Assembly